**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **22-07-2021 - ൽ മറുപടിയ്ക്ക്**

**കാപ്പെക്സ് ഫാക്ടറികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്ക്കരണവും എന്ന കണക്കിനത്തിൽ ആകെ 58.45 കോടി രൂപ (h/a 4851-00-195-99) പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 5.19 കോടി രൂപയാണ് (2016-17 കാലയളവിൽ 4 കോടി രൂപ +2020-21 കാലയളവിൽ 1.19 കോടി രൂപ) അനുവദിച്ചിരുന്നത്. പ്രസ്തുത 5.19 കോടി രൂപയുടെ ധനസഹായം കൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും, കാപ്പെക്സ് ഹെഡ്ഡോഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് CCTV കൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്‌ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. 2021-22 കാലയളവിലും കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും |

| | | | |
|---|---|---|---|
| | | | ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാപ്പെക്സിന് 2016-17 മുതൽ 2020-21 വരെ നൽകിയ സർക്കാർ ധനസഹായം കൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ലഭിക്കുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുകയും മെച്ചപ്പെട്ട ജീവിത നിലവാരം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആഗോള-ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവൽക്കരണത്തിനുമായി ഈ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; ഇതിനായി സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാപ്പെക്സിന് ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധ വത്ക്കരണത്തിനുമായി 2016-17ൽ 2 കോടി രൂപയും 2017-18ൽ 40 ലക്ഷം രൂപയും ചേർത്ത് മൊത്തം 2.40 കോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയുടെ ധനസഹായത്തിന്റെ ഭരണാനുമതി കാപ്പക്സിന് നൽകിയിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും, പത്രപ്പരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ നിറച്ച് വിൽപ്പന നടത്തുകയും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് & സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തി വരികയും ചെയ്യുന്നു. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിന് കൂടുതൽ പ്രാമുഖ്യം നൽകുകയും ഫ്രാഞ്ചൈസി, ഷോറൂം, ലോക്കൽ സെയിൽസ് മുതലായവ വർദ്ധിപ്പിക്കുയും വിവിധ സർക്കാർ ഔട്ട് ലെറ്റുകൾ (പോലീസ് കാന്റീനുകൾ, കൺസ്യൂമർഫെഡ് മുതലായവ) വഴി വിൽപ്പന നടത്തുകയും ചെയ്യുകയുണ്ടായി. ഇതുമൂലം 2016-17 കാലയളവിൽ 45.84 കോടി രൂപയുടെ വിറ്റുവരവും 2017-18 കാലയളവിൽ 86.86 കോടി വിറ്റുവരവും 2018-19 കാലയളവിൽ 76.51 കോടി വിറ്റുവരവും 2019-20 കാലയളവിൽ 85.18 കോടി രൂപയുടെ വിറ്റുവരവും 2020-21 കാലയളവിൽ കോവിഡ് മഹാമാരി കാപ്പെക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 46.88 കോടി രൂപയുടെ വിറ്റുവരവും കാപ്പെക്സിന് ലഭിക്കുകയുണ്ടായി. |
| (സി) | കാപ്പെക്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം | (സി) | കോവിഡ് മഹാമാരിക്കിടയിലും പ്രോട്ടോക്കോൾ അനുസരിച്ച് കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി |

| | | | |
|---|---|---|---|
| | ചെയ്യുന്നതെന്നും അറിയിക്കാമോ? | | ഇറക്കുമതി ചെയ്ത് കാപ്പെക്സിന്റെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നു. കാപ്പെക്സ് പൂർണ്ണമായും സർക്കാർ ധനസഹായത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കാപ്പെക്സ് യാതൊരു സാമ്പത്തിക സഹായവും സ്വീകരിക്കുന്നില്ല. വർഷാ വർഷം പദ്ധതി വിഹിതത്തിൽ സർക്കാർ വകയിരുത്തി നൽകുന്ന ധനസഹായം കൊണ്ടാണ് കാപ്പെക്സ് പ്രവർത്തിച്ചു വരുന്നത്. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 5 കോടി രൂപയിൽ നിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതു പോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് (h/a 2852-08-600-81) എന്ന ശീർഷകത്തിൽ 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ് *30

കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറി നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനും h/a (4851-00-195-99) എന്ന ശീർഷകത്തിൽ 2016-17 കാലയളവിൽ 12 കോടി രൂപയും (2015-16 ൽ 8 കോടിയും 2016-17 ൽ 4 കോടിയും) 2017-18 കാലയളവിൽ 24.15 കോടി രൂപയും, 2018-19 കാലയളവിൽ 17.61 കോടി രൂപയും 2020-21 കാലയളവിൽ 4.69 കോടി രൂപയും ധനസഹായമായി പ്രസ്തുത പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ധനസഹായത്തിൽ നിന്നും 2016-17 കാലയളവിൽ 4 കോടി രൂപയും, 2020-21 കാലയളവിൽ 1.19 കോടി രൂപയും ചേർത്ത് ആകെ 5.19 കോടി രൂപയുടെ ധനസഹായമാണ് കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി സർക്കാർ അനുവദിച്ച് നൽകിയത്. ബാക്കി ധനസഹായം കാപ്പെക്സിന് തോട്ടണ്ടി വാങ്ങുന്നതിനായും, തൊഴിലാളികളുടെയും, ജീവനക്കാരുടെയും ബോണസ് നൽകുന്നതിനായും കേരളാ കാഷ്യൂ ബോർഡിൽ കാപ്പെക്സിന്റെ ഷെയറായും പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനുമാണ് അനുവദിച്ചിരുന്നത്. ആയത് പ്രകാരം കാപ്പെക്സിന് 2016-17 കാലയളവ് മുതൽ 2020-21 കാലയളവുവരെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവത്ക്കരണവും എന്ന പദ്ധതിയ്ക്കായി 4851-00-195-99 എന്ന ശീർഷകത്തിൽ ആകെ 58.45 കോടി രൂപ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 5.19 കോടി രൂപയാണ് (2016-17 കാലയളവിൽ 4 കോടി രൂപ + 2020-21 കാലയളവിൽ 1.19 കോടി രൂപ) പ്രസ്തുത ആവശ്യത്തിനായി ചെലവഴിക്കുന്നതിന് അനുവദിച്ചിരുന്നത്. പ്രസ്തുത 5.19 കോടി രൂപയുടെ ധനസഹായംകൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും, കാപ്പെക്സ് ഹെഡ്ഓഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് CCTV കൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി.

2021-22 കാലയളവിലും കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 371.50 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ റിലീസിംഗിനായുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്. കാപ്പെക്സിന് 2016-19 കാലയളവു മുതൽ 2020-21 കാലയളവുവരെ സർക്കാർ ധനസഹായം നൽകിയതു മൂലം കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ലഭിക്കുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുകയും മെച്ചപ്പെട്ട ജീവിത നിലവാരം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 2016-17 കാലയളവു മുതൽ 2020-21 കാലയളവു വരെ (2020-21 കാലയളവിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി അനുവദിച്ച നൽകിയ 3.50 കോടി രൂപ ഒഴികെ) കാപ്പെക്സിന് അനുവദിച്ചു നൽകുന്ന എല്ലാ ധനസഹായവും ട്രഷറിയിലെ PSTSB അക്കൗണ്ട് വഴിയാണ് ലഭ്യമാക്കുന്നത്. നിലവിൽ കാപ്പെക്സ് നൽകുന്ന ധനവിനിയോഗ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നത്. കാപ്പെക്സിന് ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2016-17 കാലയളവിൽ 2 കോടി രൂപയും 2017-18 കാലയളവിൽ 40 ലക്ഷം രൂപയും ചേർത്ത് 2.40 കോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചു നൽകിയിരുന്നു. 2021-22 കാലയളവിൽ പ്രസ്തുത കണക്കിനത്തിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയുടെ ധനസഹായത്തിന് ഭരണാനുമതി നൽകുകയും ആയതിന്റെ റിലീസിംഗിനായുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരികയുമാണ്.

കശുവണ്ടിപരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും, പത്രപ്പരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ നിറച്ച് വിൽപ്പന നടത്തുകയും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് & സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തി വരികയും ചെയ്യുന്നു. ആഭ്യന്തരമാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിന് കൂടുതൽ പ്രാമുഖ്യം നൽകുകയും ഫ്രാഞ്ചൈസി, ഷോറൂം, ലോക്കൽ സെയിൽസ് മുതലായവ വർദ്ധിപ്പിക്കുയും വിവിധ സർക്കാർ ഔട്ട് ലെറ്റുകൾ (പോലീസ് കാന്റീനുകൾ, കൺസ്യൂമർഫെഡ് മുതലായവ) വഴി വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം 2016-17 കാലയളവിൽ 45.84 കോടി രൂപയുടെ വിറ്റുവരവും 2017-18 കാലയളവിൽ 86.86 കോടി രൂപയുടെ വിറ്റുവരവും 2018-19 കാലയളവിൽ 76.51 കോടി രൂപയുടെ വിറ്റുവരവും 2019-20 കാലയളവിൽ 85.18 കോടി രൂപയുടെ വിറ്റുവരവും 2020-21 കാലയളവിൽ കോവിഡ് മഹാമാരി കാപ്പെക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 46.88 കോടി രൂപയുടെ വിറ്റുവരവും കാപ്പെക്സിന് ലഭിക്കുകയുണ്ടായി. കൂടാതെ 2016 ൽ 160 തൊഴിൽദിനങ്ങളും, 2017 ൽ 158 തൊഴിൽദിനങ്ങളും, 2018 ൽ 181 തൊഴിൽദിനങ്ങളും, 2019 ൽ 214 തൊഴിൽദിനങ്ങളും, 2020 ൽ 160 തൊഴിൽദിനങ്ങളും കാപ്പെക്സ് തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിക്കിടയിലും പ്രോട്ടോക്കോൾ അനുസരിച്ച് കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാപ്പെക്സ് ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നു. കാപ്പെക്സ് പൂർണ്ണമായും സർക്കാർ ധനസഹായത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കാപ്പെക്സിന് യാതൊരു സാമ്പത്തിക സഹായവും ലഭിക്കുന്നില്ല. വർഷാ വർഷം പദ്ധതി വിഹിതത്തിൽ സർക്കാർ വകയിരുത്തി നൽകി വരുന്ന സർക്കാർ ധനസഹായം കൊണ്ടാണ് കാപ്പെക്സ് പ്രവർത്തിക്കുന്നത്.